C2/24/2024-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജോൺസൺസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & പ്രൈവറ്റ് ഐ.ടി.ഐ എന്ന സ്ഥാപനം അഡ്മിഷൻ ഫീസ് ഇനത്തിൽ അധികമായി ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.498/2024/LBR    തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 27/02/2024 ലെ DT/4083/2022-E3 നമ്പർ കത്ത്

**ഉത്തരവ്**

ജോൺസൺസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & പ്രൈവറ്റ് ഐ.ടി.ഐ, കൃഷ്ണപുരം എന്ന സ്ഥാപനം 2023 വർഷത്തിലെ അഡ്മിഷൻ ട്രെയിനികളുടെ പേമെന്റ് 0230-00-800-88-Other Items - Dir of Employment and Training" എന്ന ശീർഷകത്തിൽ 25/09/2023 തീയതിയിൽ 4950/- രൂപ വീതം രണ്ടു പ്രാവശ്യം അടച്ചിട്ടുണ്ട് എന്നും ആദ്യ പ്രാവശ്യം കൃത്യ സമയത്ത് രസീത് ലഭിക്കാത്തതിനാലാണ് രണ്ടാമതും ഫീസ് അടച്ചതെന്നും ആയതിനാൽ ഒരു തവണ അടച്ച ഫീസ് റീഫണ്ട് ചെയ്ത് നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജോൺസൺസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് & പ്രൈവറ്റ് ഐ.ടി.ഐ, കൃഷ്ണപുരം എന്ന സ്ഥാപനം അഡ്മിഷൻ ഫീസ് ഇനത്തിൽ 25.09.2023 തീയതിയിൽ അധികമായി ഒടുക്കിയ 4,950/- രൂപ "0230-00-800-88-Other Items - Dir of Employment and Training" എന്ന ശീർഷകത്തിൽ നിന്നും റീഫണ്ട് ചെയ്യുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)

ധനകാര്യ വകുപ്പ് ( 2714904/LBR-2/54/2024-FIN തീയതി 15/03/2024പ്രകാരം)

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 06-04-2024 17:28:13